# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആളൂര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.1)1149 /2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 27/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആളൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.1)1149 /2022. തീയ്യതി: 27/07/2022

## തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 13-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 13-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിത. ടി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജോ തോമസ്,ഓഡിറ്റർ
ശ്രീമതി.ബിന്ദു.കെ.എസ് ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി .സന്ധ്യ നൈസൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.കെ.ആർ ജോജോ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ശ്രീകാന്ത്.പി.എസ് | സെക്രട്ടറി | 01-04-2020 | 05-03-2021 |
| ശ്രീമതി .എ.എ ജലീന ബാനു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എ.എ ജലീന ബാനു | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| സന്ദൂപ്.എ.വി | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ജോസ്.സി.ഐ | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 31-05-2020 |
| ഡോ.മിനി ഭരതൻ | സീനിയർ വെറ്ററിനറി സർജൻ [ഇൻചാർജ്ജ് | 01-06-2020 | 03-09-2020 |
| ഡോ. ടെസ്സി കെ കുരുവിള | സീനിയർ വെറ്ററിനറി സർജൻ | 04-09-2020 | 31-03-2021 |
| ഡോ.സ്മിത.കെ.കെ | മെഡിക്കൽ ഓഫീസർ, എച്ച്.എച്ച്.സി | 01-04-2020 | 23-01-2021 |
| ഡോ.ശ്രീകല | മെഡിക്കൽ ഓഫീസർ, എച്ച്.എച്ച്.സി [ഇൻ ചാർജ്] | 24-01-2021 | 28-02-2021 |
| ഡോ.ഗ്രേയ്സ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-03-2021 | 31-03-2021 |
| ഡോ.ബിജു.കെ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 07-02-2021 |
| ഡോ.എഡിസൺ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 08-02-2021 | 31-03-2021 |
| ഡോ.റോസ് മോൾ ജോസ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2020 | 31-03-2021 |
| ജിംസി.സി.ജോസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| തോമസ് പി.ഒ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നിഷ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ലീന തോമസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| സന്തോഷ് സി.എസ് | വി.ഇ.ഒ കല്ലേറ്റുംകര സർക്കിൾ | 01-04-2020 | 31-03-2021 |
| ലേഖ വി വി | വി.ഇ.ഒ കുഴിക്കാട്ടുശേരി സർക്കിൾ | 01-04-2020 | 01-11-2020 |
| സന്തോഷ് സി.എസ് | വി.ഇ.ഒ കുഴിക്കാട്ടുശേരി സർക്കിൾ [ഇൻ ചാർജ്] | 02-11-2020 | 04-11-2020 |
| ഗീത എൻ.ആർ | വി.ഇ.ഒ കുഴിക്കാട്ടുശേരി സർക്കിൾ | 05-11-2020 | 31-03-2021 |
| രാഖി ഏണസ്റ്റ് | വി.ഇ.ഒ ആളൂർ സർക്കിൾ | 01-04-2020 | 20-02-2021 |
| ഗീത എൻ.ആർ | വി.ഇ.ഒ ആളൂർ സർക്കിൾ [ഇൻ ചാർജ്] | 21-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 10-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sijo Thomas (Auditor, On 12-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-9 |
| 10 | വസ്തു നികുതി അക്കൗണ്ട് ചെയ്യപ്പെടുന്നതിലെ പൊരുത്തക്കേടുകൾ<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-10 |
| 11 | ലൈബ്രറി സെസ്സ് സഞ്ചയ സോഫ്റ്റ് വെയറിലും വാർഷിക കണക്കിലും ഉള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-11 |
| 12 | അഡ്വാൻസ് കളക്ഷൻ തുക സഞ്ചയിയിലേതും വാർഷികകണക്കിലേയും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-12 |
| 13 | രജിസ്റ്ററുകളിൽ ഡിമാന്റ് ,കളക്ഷൻ. ബാലൻസ് വിവരങ്ങൾ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-13 |
| 14 | പ്രൊവിഷൻ രേഖപ്പെടുത്തിയതിന് മതിയായ വർക്ക്ഷീറ്റുകൾ ഇല്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-14 |
| 15 | വാർഷിക കണക്കിലെ പ്രയർ പീരീഡ് ഐറ്റങ്ങൾക്ക് സാധുവായ രേഖകളോ, വിശദീകരണങ്ങളോ ഹാജരാക്കാനായിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-15 |

| | | |
|---|---|---|
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-16 |
| 17 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-17 |
| 18 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഡിപ്രീസിയേഷൻ നെഗറ്റീവ് സംഖ്യ വരാനിടയായത് പരിശോധിക്കപ്പെടേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-18 |
| 19 | ഇൻവെസ്റ്റുമെന്റുകൾ കൃത്യമായി ഫിസിക്കൽ വെരിഫിക്കേഷന് ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-19 |
| 20 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-20 |
| 21 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-21 |
| 22 | പഞ്ചായത്തിൽ 14.10.2020 മുതൽ നടപ്പാക്കിയ ILGMS സംവിധാനം<br>Written By: Bita.T.S (Audit Officer (HG), On 15-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-22 |
| 23 | ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി<br>Written By: Bindhu (Auditor, On 12-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-23 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- കരാറുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല<br>Written By: Sijo Thomas (Auditor, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-24 |
| 25 | ലൈസൻസ് തുക പിരിക്കൽ - പഴയ മാതൃകയിലുള്ള ഫാറങ്ങൾ ഉപയോഗിക്കുന്നു<br>Written By: Sijo Thomas (Auditor, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-25 |
| 26 | ബൈലോ തയ്യാറാക്കിയിട്ടില്ല<br>Written By: Sijo Thomas (Auditor, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-26 |
| 27 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ<br>Written By: Sijo Thomas (Auditor, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-27 |
| 28 | റേഷൻ കടകൾ, കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Sijo Thomas (Auditor, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-28 |
| 29 | ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sijo Thomas (Auditor, On 14-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-29 |
| 30 | ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം 6345/-രൂപ അധികം നൽകി.<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-30 |

| | | |
|---|---|---|
| 31 | ഹരിത കർമസേന പ്രവർത്തനങ്ങളുടെ നിരീക്ഷണങ്ങൾ<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-31 |
| 32 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-32 |
| 33 | മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ട് - അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 300000 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Bita.T.S (Audit Officer (HG), On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-33 |
| 34 | കന്നുകുട്ടി പരിപാലന പദ്ധതി -ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 14-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 1-34 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തി - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-35 |
| 36 | തൊഴിലുറപ്പുപദ്ധതി - മെറ്റീരിയൽ വർക്കുകൾ - അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Bita.T.S (Audit Officer (HG), On 15-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം അധികം നൽകി. അധികം നൽകിയ തുക 6345 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു<br>Written By: Sivadasan A K (Asst. Audit Officer, On 13-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 10-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 29-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Bita.T.S (Audit Officer (HG), On 10-07-2022)<br>Last Updated By: Bita.T.S (Audit Officer (HG), On 27-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 24.03.2020, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 278886665 | 273459743 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 17.02.2021, തീരുമാനം നം. 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 313203843 | 309576005 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 16.08.2021 |

## 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 23582603.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 143336652.50 |
| ആകെ | 166919255.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 134490811.00 |
| നീക്കിയിരിപ്പ് | 32428444.50 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23666551 | 23666551 | 23019450 | 647101 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14191000 | 14191000 | 13005160 | 1185840 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 132000 | 132000 | 0 | 132000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 20100000 | 20100000 | 20100000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6169956 | 6169956 | 5959612 | 210344 |
| സെൻട്രൽ ഫിനാൻസ് | 0 | 19375231 | 19375231 | 12096542 | 7278689 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് Basic (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 8430000 | 8430000 | 5498965 | 2931035 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 317 | 185664769 | 220 | 110826859 | 70 | 27 | 69.40% |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 9,204,800.00 | 658 |
| വിധവാ പെൻഷൻ | 26,386,300.00 | 1796 |
| വാർദ്ധക്യകാല പെൻഷൻ | 44,553,300.00 | 4014 |
| വികലാംഗ പെൻഷൻ | 6,973,400.00 | 464 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,093,800.00 | 147 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210,000.00 | 7 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 367378 | 25863638 | 26231376 | 26226624 | 4392 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 24581031 | 24581031 | 24581031 | 0 |

തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. അപാകത ഖണ്ഡിക 1-20ൽ ചേർത്തിട്ടുണ്ട്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-07-20 തീയതിയിൽ 3:23 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,518/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 വസ്തു നികുതി അക്കൗണ്ട് ചെയ്യപ്പെടുന്നതിലെ പൊരുത്തക്കേടുകൾ

1.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ഐ.എൽ.ജി എം.എസിൽ (ഫിനാൻസ് മോഡ്യൂൾ) ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "മേൽ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ഐ.എൽ.ജി.എം.എസ് ഫിനാൻസ് മോഡ്യൂൾ സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(ഓഡിറ്റ് എൻക്വയറി1/06-07-22) പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ 01/04/2010 മുതൽ 13/10/2020 വരെയുള്ള കണക്കുകൾ സാംഖ്യ സോഫ്റ്റ് വെയറിലും., 14/10/2020 മുതൽ 31/03/2021 വരെയുള്ളത് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലുമാണ് തയ്യാറാക്കിയത് എന്നും റവന്യ റിക്കവറി നോട്ടീസ് മുഖാന്തിരം ഫ്രണ്ട് ഓഫീസിൽ ലഭിച്ച തുക വരവു വെയ്ക്കാൻ അനുയോജ്യമായ ഹെഡുകൾ ഇല്ലാത്തതിനാൽ തുക റസിഡൻഷ്യൽ നോൺ റസിഡൻഷ്യൽ ഹെഡിൽ വരവു വെച്ചതു മൂലവുമാണ് വ്യത്യാസം വന്നത് എന്ന് വിശദീകരിച്ചിട്ടുണ്ട്.

1.1തൻവർഷം

1.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5250583 | 4962851 | 122177 | 174469 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5250583 | 5303592 | 122177 | *174482 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(183207 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5421290 | 5328919 | 58105 | 44235 |
| വാർഷികകണക്കിലെ | 5421290 | 4996610 | 58105 | *45311 |

| | | | | |
|---|---|---|---|---|
| | | | | |
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(47577 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1.2കടിശ്ശിക

1.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 407087 | 148901 | 258293 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *60767 | 78809 | 259033 ** |
| | *(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (40582+23223= 63805/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (271985/105X100)=......., |

1.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 96576 | 78820 | 17836 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 295776 | 148894 | 17858 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(126881+183684=310565/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(18751/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | |
|---|---|---|
| *60767 | 78809 | 259033 ** |
| *(19-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (40582+23223=63805/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (271985/105X100)=......., |

## 1-11 ലൈബ്രറി സെസ്സ് സഞ്ചയ സോഫ്റ്റ് വെയറിലും വാർഷിക കണക്കിലും ഉള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1.1.1, 1.1.2, 1.2.1,.1.2.2, 2,2.1 എന്നി ഖണ്ഡികയിലെ പട്ടികകൾ). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ കൃത്യമായി ലൈബ്രറി സെസ്സ് കണക്കാക്കാത്താണ് വ്യത്യാസത്തിന് കാരണമെന്ന് വിശദീകരിച്ചിട്ടുണ്ട്.

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 265820 | 21265 | 287085 | 249361 | 7466 | 256827 | 6213 | | 8738 | 13692 | 22441 |
| | നോൺ-റെസിഡൻഷ്യൽ | 275943 | 4998 | 280941 | 270647 | 4003 | 274650 | 3438 | | 2229 | 915 | 3161 |
| | ആകെ | | | 568026 | | | 531477 | 9651 | | 25602 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | | | | 532857 | | | | | -25628 | | |
| | | 11535.........+....... =(2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (4319 10101 – State Govt . Cess/ Levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

## 1-12 അഡ്വാൻസ് കളക്ഷൻ തുക സഞ്ചയിയിലേതും വാർഷികകണക്കിലേയും വ്യത്യാസപ്പെട്ടിരിക്കുന്നു

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. പുതിയ ഐ.എൽ .ജി.എം.എസ് ഫിനാൻസ് മൊഡ്യൂളിൽ അനുയോജ്യമായ ഹെഡുകളുടെ അഭാവം മൂലമാണ് വ്യത്യാസം സംഭവിക്കുന്നത് എന്നും സോഫ്റ്റ് വെയർ തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് വ്യത്യാസങ്ങൾ പരിഹരിക്കപ്പെടുമെന്നും പഞ്ചായത്ത് മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 771085 | 473100 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 531085 | 838203 |

## 1-13 രജിസ്റ്ററുകളിൽ ഡിമാന്റ് ,കളക്ഷൻ. ബാലൻസ് വിവരങ്ങൾ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

എ) ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

2.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഓഡിറ്റോറിയം ആന്റ് ഹാൾ

4. ലീസ് ഓഫ് ലാന്റ് രജിസ്റ്റർ

ബി) ഡി.സി.ബി തയ്യാറാക്കിയ രജിസ്റ്ററുകളിൽ തന്നെ (വസ്തു നികുതി ഒഴികെ) വാർഷിക കണക്കുമായി യോജിക്കാത്തവയിലുള്ള നിരീക്ഷണം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | രജിസ്റ്റർ പ്രകാരമുള്ള തുക ഡിമാന്റ് തുക | വാർഷിക കണക്കിലെ തുക ഡിമാന്റ് തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) | 2687090 | 2720840 |
| 2 | വാടക ഡിമാന്റ് രജിസ്റ്റർ അരിയർ ഉൾപ്പടെ | 412515 | 506690 |
| 3 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ | 233515 | 356763.5 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ബന്ധപ്പെട്ട രേഖകളുടെ ഡി.സി.ബി തയ്യാറാക്കിയതായി പറയുന്നുണ്ട് എങ്കിലും അത് ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

## 1-14 പ്രൊവിഷൻ രേഖപ്പെടുത്തിയതിന് മതിയായ വർക്ക്ഷീറ്റുകൾ ഇല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-10പ്രകാരം, വസ്തുനികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി 31/3/2021 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | തുക |
|---|---|---|
| 1. | 360100101-Provision For Doubtful Receivable-property Tax | 25000 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-15 വാർഷിക കണക്കിലെ പ്രയർ പീരീഡ് ഐറ്റങ്ങൾക്ക് സാധുവായ രേഖകളോ, വിശദീകരണങ്ങളോ ഹാജരാക്കാനായിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 290500101-Prior Period Income- Tax Remittance | -7100 |

| | |
|---|---|
| 290800501-Prior Period Expences -Programme Expences | 11150 |
| 290800701- Prior Period Expences – Miscellaneous | 38146 |

## 1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-17 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8845841.50 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 28263899 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-18 ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റുമെന്റിൽ ഡിപ്രീസിയേഷൻ നെഗറ്റീവ് സംഖ്യ വരാനിടയായത് പരിശോധിക്കപ്പെടേണ്ടതാണ്.

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം -2069238 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റുമെന്റിൽ മേൽപ്രകാരം നെഗറ്റീവ് സംഖ്യ വരാനിടയായത് പരിശോധിക്കപ്പെടേണ്ടതാണ്.

## 1-19 ഇൻവെസ്റ്റുമെന്റുകൾ കൃത്യമായി ഫിസിക്കൽ വെരിഫിക്കേഷന് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 30589365 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ആകെ 24148103 രൂപയുടെ തൻ വർഷത്തിലുള്ള 9 രസീതികളാണ് ഫിസിക്കൽ വരിഫിക്കേഷന് ഹാജരാക്കിയത്. തുകയുടെ വ്യത്യാസം കൃത്യമായി വിശദീകരിക്കാൻ നിലവിൽ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

## 1-20 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരവും (ഷെഡ്യൂൾ I-6) തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ആകെ വരുമാനവും ചുവടെ ചേർക്കുന്നു. ഇവ തമ്മിലുള്ള വ്യത്യാസം (6024096 രൂപ)വിശദീകരിക്കപ്പെടേണ്ടതാണ്.

| ക്യാഷ് ബുക്ക് പ്രകാരമുള്ള തുക | വാർഷിക കണക്കു പ്രകാരമുള്ള തുക |
|---|---|
| 25863638 | 19839542 |

## 1-21 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 64403 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. പഞ്ചായത്ത് നൽകിയ മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാമെന്ന് അവകാശപ്പെട്ടിരുന്നു എങ്കിലും രജിസ്റ്റർ ഹാജരാക്കിയില്ല

## 1-22 പഞ്ചായത്തിൽ 14.10.2020 മുതൽ നടപ്പാക്കിയ ILGMS സംവിധാനം

6.4.2022 ലെ സ.ഉ[കൈ] നം.75/2022/LSGD ഉത്തരവു മുഖേന പഞ്ചായത്തുകളിൽ നടപ്പാക്കുന്ന ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിന്റേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആളൂർ പഞ്ചായത്ത് ഓഡിറ്റിൽ നിരീക്ഷിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു. 14.10.20 മുതൽ ILGMS നടപ്പാക്കിയ പഞ്ചായത്തിൽ 31.3.21 വരെയുള്ള രസീത്, പണമടവ്, പിൻവലിക്കൽ പരിശോധനയാണ് നടത്തിയത്.

1. പഞ്ചായത്തിലെ മാന്വൽ രസീതുകളുടെ സ്റ്റോക്ക് ILGMSൽ നിലവിൽ ലഭ്യമല്ല. ക്ലർക്കുമാർക്ക് Outdoor Collectionനു വേണ്ടി ഉപയോഗിക്കുന്ന രസീതി ബുക്കുകൾ ഇഷ്യൂ കാണിക്കുന്നതിനുള്ള സംവിധാനം മാത്രമാണ് ILGMSൽ ലഭ്യമായിട്ടുള്ളത്. എന്നാൽ രസീതിൽ ഉപയോഗിക്കാതെ കാൻസൽ ചെയ്തവയുടെ സീരിയൽ നമ്പർ, എണ്ണം തുടങ്ങിയ വിശദാംശം ചേർക്കാൻ നിലവിൽ സംവിധാനമില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതുബുക്കുകൾ ILGMS വഴി ഇഷ്യൂ ചെയ്യുന്നില്ല. ആയത് പഞ്ചായത്തിലെ മാന്വൽ രസീതി സ്റ്റോക്ക് രജിസ്റ്റർ മുഖാന്തിരം തന്നെയാണ് ഇഷ്യൂ ചെയ്യുന്നത്.

ആയതിനാൽ മാന്വൽ രസീതികളുടെ സ്റ്റോക്ക് നിലവിൽ ഉപയോഗിക്കുന്ന മാന്വൽ രജിസ്റ്ററിനെ അടിസ്ഥാനമാക്കിയാണ് പരിശോധിച്ചത്.

2.കൗണ്ടർ രസീതികൾക്ക് ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നില്ലാത്തതിനാൽ പ്രത്യേക സ്റ്റോക്കുമില്ല. ക്യാൻസൽ ചെയ്ത രസീതികളെ സംബന്ധിക്കുന്ന കാൻസലേഷൻ റിപ്പോർട്ട് ഓഡിറ്റർ ലോഗിനിൽ ലഭ്യമാണ്. ആളൂർ പഞ്ചായത്തിൽ 1.4.2020 മുതൽ 31.3.2021 വരെ 116 എണ്ണം രസീത് കാൻസലേഷനുകൾ വന്നിട്ടുണ്ട്. Printer Fault, Amt Correction, Wrong Description, Correction In Head Of Account തുടങ്ങിയ വിവിധ കാരണങ്ങളാണ് രേഖപ്പെടുത്തിക്കണ്ടത്.

6.4.22ലെ ഉത്തരവ് നിർദ്ദേശം 8.03 ൽ റവന്യൂ റിഫണ്ട് സാധ്യമാകാത്ത അനിവാര്യ സന്ദർഭങ്ങളിൽ മാത്രമാണ് Receipt Cancellation അനുവദനീയമായിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ILGMS നടപ്പാക്കിയ സമയത്തെ പരിചയക്കുറവും ഇന്റർനെറ്റ് ലഭ്യമാകുന്നതിൽ അവിചാരിതമായി വരുന്ന പ്രശ്നങ്ങളും നിമിത്തമാണ് കാൻസലേഷൻ വർദ്ധിച്ച് വന്നതിന് കാരണമെന്നും നിലവിൽ അത് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

4. കാഷ് ബുക്ക്, ഡേബുക്ക് എന്നിവ പ്രതിദിനം പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേബുക്കിന്റെ ആകെ തുക ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടുണ്ടെന്ന് പാസ്ബുക്ക് ബാങ്ക് സ്റ്റേറ്റ് മെന്റ് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. തുക പിൻവലിക്കലിന്റെ കാര്യത്തിൽ ബാങ്ക് ബുക്കിന്റെ ക്രെഡിറ്റ് ഭാഗത്തുള്ള തുകകൾ അതത് പാസ് ബുക്കുകളുടെ Withdrawal കോളങ്ങളിലെ തുകകളുമായി ഒത്തു പരിശോധിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെടുക്കുന്ന സമയ ദൈർഘ്യം കുറയ്ക്കുന്ന തരത്തിൽ ഓഡിറ്റർ ലോഗിനിൽ സോഫ്റ്റ് വെയറിൽ മാറ്റം ഉണ്ടാകേണ്ടതാണ്.

5.വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ മുഖാന്തിരം Epayment ആയി സ്വീകരിക്കുന്ന സംവിധാനത്തിൽ മാറ്റം വന്നിട്ടില്ല. E-Payment അപ്പോൾ തന്നെ പഞ്ചായത്ത് അക്കൗണ്ടിൽ വരുന്നില്ല. മാസങ്ങളുടെ കാലതാമസം വരുന്നുണ്ട്. IKM ന്റെ കോമൺ അക്കൗണ്ടിലേക്കു പോയി അവിടെ നിന്നാണ് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്കു വരുന്നതിനാലാണ് കാലതാമസം വരുന്നതെന്ന് സെക്രട്ടറി അറിയിച്ചു.

6.തനത് ഫണ്ട് ചെലവു ഫയലുകളുടെ പേമെന്റ് വൗച്ചർ വിവരം ഓഡിറ്റർ ലോഗിനിൽ ലഭ്യമാണ്. എന്നാൽ ചെലവു രേഖകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്തിരുന്നില്ല. 1.4.20 മുതൽ 31.3.21 വരെയുള്ള വൗച്ചറുകൾ പഴയമാതൃകയിൽ പ്രിന്റെടുത്ത് അനുബന്ധ രേഖകൾ സഹിതം ബോക്സ് ഫയലായി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

7.ചെലവു പരിശോധനയുടെ ഭാഗമായി എല്ലാ ഫണ്ടുകളുടെയും Ebil Payment Consolidation പ്രൊജക്ട് നമ്പർ, വൗച്ചർ നം., തിയതി, തുക സഹിതം 13.10.20 വരെയുള്ള പ്രിന്റൗട്ട് മാത്രമാണ് ലഭ്യമായത്. പ്രസ്തുത രേഖ റിപ്പോർട്ട് രൂപത്തിൽ ഓഡിറ്റർ ലോഗിനിൽ ലഭ്യമാകേണ്ടതുണ്ട്. പഞ്ചായത്ത് ലോഗിനിലും നിലവിൽ ആയത് ലഭ്യമല്ലെന്നും പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അക്കൗണ്ടന്റ് അറിയിച്ചു.

സംവിധാനത്തിന്റെ ശൈശവ ദശയിലുള്ള പരിശോധനയാണ് 31.3.2021 വരെ നടത്തിയത് എന്നതിനാൽ മേൽ പ്രസ്താവിച്ച വസ്തുതകൾ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ 6.4.22 ലെ ഉത്തരവ് നിർദ്ദേശം 15 പ്രകാരം ഐ.കെ.എം ഏർപ്പെടുത്തേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി [നം. 19/ 13.7.22] ക്ക് മറുപടി ലഭ്യമാക്കി.

## 1-23 ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കി

2020-21-ലെ തൊഴിൽ നികുതി പരിശോധനയിൽ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | സ്ഥാപനം,പേര് | അർദ്ധവർഷത്തെ വരുമാനം | പിരിക്കേണ്ട നികുതി | പിരിച്ച നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 20-21 രണ്ടാം അർദ്ധ വർഷം | പോസ്റ്റ് ഓഫീസ്, താഴേക്കാട്, അനു.പി.എം. | 103134/- | 1000/- | 750/- | 250/- |

തൊഴിൽ നികുതി പിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 2/07-07-22)

2.പഞ്ചായത്ത് പരിധിയിലുള്ള ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

2020-21 വർഷത്തിൽ പഞ്ചായത്ത് പരിധിയിലുള്ള ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഐശ്വര്യ എഞ്ചിനീയറിങ്ങ് വർക്സ് | 4 |
| 2 | തോട്ടാപ്പിള്ളി സോമിൽ & ഫർണിച്ചർ | 4 |
| 3 | വൈബ് ബ്യൂട്ടി സലൂൺ, കല്ലേറ്റുംകര | 4 |
| 4 | സെൻ്റ് ജോൺ ഇൻ്റർലോക്ക് ബ്രിക്സ്, താഴേക്കാട് | 4 |
| 5 | സെൻ്റ് ആൻ്റണീസ് ഇൻ്റർലോക്ക് ബ്രിക്സ്, ആളൂർ | 4 |
| 6 | രഹന ഇൻഡസ്ട്രീസ്, ആളൂർ | 5 |
| 7 | സ്നേഹ റെഡിമെയ്ഡ്സ്, ആളൂർ | 4 |
| 8 | റേ ടെക്നോസിസ്, വെള്ളാഞ്ചിറ ചർച്ച്റോഡ് | 5 |
| 9 | വീനസ് ഇൻഡസ്ട്രീസ്, ആശ്രമം റോഡ് | 7 |
| 10 | ശാന്തി പ്ളാസ്റ്റിക്സ്, തുരുത്തിപറമ്പ് | 8 |
| 11 | ശക്തി ഫ്യുവൽസ്, പി.ഡബ്ളിയു.ഡി റോഡ് | 7 |
| 12 | ശ്രീനാരായണ ട്രേഡേഴ്സ്, പി.ഡബ്ളിയു.ഡി. റോഡ് | 5 |
| 13 | സിൽക്കോൺ പ്ളാസ്റ്റിക്സ്, ഷോളയാർ റോഡ് | 7 |
| 14 | റ്റാവെൽനെസ്സ്, ആളൂർ | 5 |
| 15 | വുഡെക് വുഡ് വർക്സ് | 14 |
| 16 | റോയൽ ഫുഡ് ഇൻഡസ്ട്രീസ് | 4 |
| 17 | ഗംഗോത്രി ഹെർബൽസ്, ഉറുമ്പൻകുന്ന് റോഡ് | 4 |
| 18 | അമ്മൂസ് പൗഡർ കോട്ടിംഗ്സ്, വെള്ളാഞ്ചിറ | 8 |
| 19 | സെൻ്റ് ഫ്രാൻസിസ് ടൈൽസ്,& ഇൻഡസ്ട്രീസ്, കാരൂർ | 20 |
| 20 | സൺറൈസ് സോമിൽ&ഫർണിച്ചർ ഇൻഡസ്ട്രീസ് | 6 |
| 21 | ഗ്രേസ് പാക്കേജിങ്ങ്, പഞ്ചായത്ത് റോഡ് | 7 |
| 22 | അലങ്കാർ പ്ളാസ്റ്റിക്സ് | 10 |
| 23 | ജെ.ജെ. മെഷിനറീസ്, ഇരിങ്ങാലക്കുട ചാലക്കുടി റോഡ് | 7 |
| 24 | ശിവ ഫാർമസ്യൂട്ടിക്കൽസ്, വൈക്കിലിച്ചിറ റോഡ് | 4 |

| | | |
|---|---|---|
| 25 | നോവൽസിനെർജി എഞ്ചിനീയറിങ്ങ് സൊല്യൂഷൻസ് പ്രൈ. ലിമിറ്റഡ് | 5 |
| 26 | ടീം ഫെയ്സ് പ്രൈ. ലിമിറ്റഡ്, ഇരിങ്ങാലക്കട-ചാലക്കുടി റോഡ് | 18 |
| 27 | ഫിനിക്സ് ദന്ത ലബോറട്ടറി | 8 |
| 28 | ഉദയ മൈക്രോ സംരംഭ യൂണിറ്റ്, സന്തോഷ് നഗർ | 5 |

ഓഡിറ്റ് എൻക്വയറി നമ്പർ 4/08.07.22-ന് മറുപടിയായി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-24 ഷോപ്പിംഗ് കോംപ്ലക്സ് വാടക- കരാറുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

ആളൂർ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിലെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 35 റൂമുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഈ റൂമുകൾ വാടകയ്ക്കെടുത്തവരുമായി പഞ്ചായത്ത് കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് സമയത്ത് പരിശോധനയ്ക്കായി വാടക ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കിയിരുന്നുവെങ്കിലും ആകെ ആറ് കരാറുകൾ മാത്രമാണ് ലഭ്യമാക്കിയത്. ആയതിൽ ആറിലും വാടകയ്ക്കെടുത്തവർ ഒപ്പ് വെച്ചിരുന്നുവെങ്കിലും സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. ഒരു കരാറിൽ കരാർ വ്യവസ്ഥകളൊന്നും തന്നെ എഴുതിയിരുന്നില്ല. ആയതിനാൽ ഈ ആറ് കരാറുകളും യാതൊരുവിധ നിയമസാധുതയില്ലാത്ത മുദ്രപത്രങ്ങളായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഈ ആറ് കരാർ ഒഴിച്ചുള്ള ശേഷിക്കുന്ന വ്യക്തികളുമായുള്ള കരാറുകൾ ലഭ്യമാക്കുവാൻ 08.07.2022 ലെ അന്വേഷണം നം.08/20-21 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പരിശോധനയ്ക്ക് ഹാജരാക്കാത്ത ശേഷിക്കുന്ന കരാറുകളുടെ വിശദാംശങ്ങൾ രേഖാമൂലം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-25 ലൈസൻസ് തുക പിരിക്കൽ - പഴയ മാതൃകയിലുള്ള ഫാറങ്ങൾ ഉപയോഗിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ സ.ഉ(അ)നം.80/2017/ത.സ്വ.ഭ.വ., എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രസ്തുത വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിൻറെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിൻറെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് ലൈസൻസ് ഫീസ് ഇനത്തിൽ 2020-21 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പിരിച്ചിട്ടുണ്ടെങ്കിലും അപേക്ഷകർ സമർപ്പിച്ച ആകെ 851 അപേക്ഷകളിൽ ആദ്യ 375 അപേക്ഷയും ഒരു ദിവസത്തെ വിറ്റുവരവിന്റെ മൂല്യം രേഖപ്പെടുത്തുന്നതിനുള്ള മാതൃകയിലുള്ളതാണ്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് തുക നിശ്ചയിക്കണമെന്നിരിക്കെ വിറ്റുവരവ് രേഖപ്പെടുത്തുന്നതിനുള്ള അപേക്ഷ ഫാറങ്ങൾ ഉപയോഗിക്കുകയും ആയതിൽ അപേക്ഷകർ യാതൊരു വിവരവും രേഖപ്പെടുത്താതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ഏത് മാനദണ്ഡപ്രകാരമാണ് ലൈസൻസ് തുക പിരിച്ചത് എന്നതിൽ വ്യക്തതയില്ല. ആയതിനാൽ ലൈസൻസ് തുക പിരിക്കുന്നതിന് മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിനുള്ള ഫാറങ്ങൾ ഉപയോഗിക്കുന്നതിൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-26 ബൈലോ തയ്യാറാക്കിയിട്ടില്ല

ആളൂർ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഷോപ്പിംഗ് കോംപ്ലക്സിലെ 35 റൂമുകൾ വാടകക്ക് നൽകുകയും, വാടക ഈടാക്കുകയും ചെയ്യുന്നുണ്ടെങ്കിലും വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം നേടിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച് 11.07.2022 ലെ ഓഡിറ്റ് അന്വേഷണം നം.11/20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് ബൈലോ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ്

ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

## 1-27 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ

ആളൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു.

| കെട്ടിടങ്ങൾ | വിസ്തീർണ്ണം |
|---|---|
| 100 ച. മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 2311 |
| 100 ച. മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 195 |
| 200 ച. മി ക്ക് മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 36 |
| വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെൻറർ | 7 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 424 |
| ഇതര വ്യവസായത്തിനുള്ളത് | 262 |
| ആകെ | 3235 |
| വേക്കൻസി റെമിഷൻ | 56 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 3235 കെട്ടിടങ്ങൾ ഉണ്ട്. അതിൽ 56 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റെമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻ വർഷം ആകെ 851 പേര് മാത്രമാണ് ഏഫ്. ടി. ഇ. എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/20-21 തീയതി.12.0.2022) ലൈസൻസ് ആവശ്യമില്ലാത്ത ബാങ്ക്, ധനകാര്യ സ്ഥാപനങ്ങളും, പ്രവർത്തിക്കാത്ത വാണിജ്യസ്ഥാപനങ്ങളും, വേക്കൻസി റെമിഷൻ അപേക്ഷ സമർപ്പിക്കാത്തവരും, രണ്ടോ അതിലധികമോ നമ്പറിട്ട കെട്ടിടമുറികൾ ഒരാവശ്യത്തിനായി ഉപയോഗിക്കുന്നതും വാണിജ്യാവശ്യത്തിനായി ഒക്കുപ്പൻസി രേഖപ്പെടുത്തിയതിൽ ഉൾപ്പെടുന്നു. ആയതിനാൽ നിലവിൽ ലൈസൻസ് എടുത്തവർക്ക് പുറമെ ലൈസൻസ് എടുക്കാത്തവരെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

2020-21 സാമ്പത്തികവർഷത്തിൽ (സഞ്ചയ പ്രകാരം) വാക്കൻസി റെമിഷൻ ഒഴികെ ആകെ 3179 വാണിജ്യ കെട്ടിടങ്ങൾ ഉള്ളതിൽ ലൈസൻസ് എടുത്ത 851 ഒഴിച്ച് 2328 കെട്ടിടങ്ങൾ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത സാമ്പത്തികവർഷം കോവിഡ് എന്ന മഹാമാരിയുടെ സാന്നിധ്യമുണ്ടാവുകയും, മേൽ പറഞ്ഞ കാരണങ്ങൾ ചേർന്നാലും വാണിജ്യാവശ്യത്തിൽ ഉൾപ്പെട്ട 2328 കെട്ടിടങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്നത് അതീവ ഗൗരവത്തോടെ നോക്കി കാണേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം, ഫീൽഡ്തല പരിശോധന നടത്തി 2328 കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

## 1-28 റേഷൻ കടകൾ, കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

റേഷൻ കട, കള്ള് ഷാപ്പ് മുതലായവയുടെ ലൈസൻസ് 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.149 പ്രകാരം റേഷൻ കട എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2020-21 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്ററും, ലൈസൻസിനായി അപേക്ഷകർ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കണ്ടില്ല. ആയതിനാൽ ആളൂർ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയവക്ക് 2020-21 സാമ്പത്തിക വർഷത്തിൽ പ്രവർത്തിക്കാൻ ലൈസൻസ് നൽകിയിട്ടുണ്ടോ എന്നതിൽ 12.0.2022 ലെ ഓഡിറ്റ് അന്വേഷണം നം.12/20-21 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് റേഷൻ കടകൾ 10 എണ്ണമുണ്ടെന്നും, മറ്റുള്ളവയുടെ എണ്ണം കൃത്യമായി അറിയില്ലെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ലെന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ എണ്ണം കൃത്യമായി കണക്കാക്കി അടിയന്തിരമായി ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

## 1-29 ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ആളൂർ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ദുരിതാശ്വാസ നിധി അക്കൗണ്ട് 2018 ൽ അവസാനിപ്പിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിൽ ഈ നിധിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളൊന്നും തന്നെ നടക്കുന്നില്ല. ആയതിനാൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം പുനരാരംഭിച്ച് നിധിയിലേക്ക് തുക സമാഹരിക്കുന്നതിനും, ദുരിതാശ്വാസ നിധി നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-30 ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം 6345/-രൂപ അധികം നൽകി.

ഓഡിറ്റ് വർഷം പഞ്ചായത്തിൽ നടത്തിയ ഇലക്ട്രിക് പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനായർമാർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% നിരക്കിൽ പ്രതിഫലം നൽകിയിട്ടുണ്ട്. ഫിനാൻസ് (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ് ബി) വകുപ്പിന്റെ 18/2019/fin തിയ്യതി.01/03/2019 ലെ ഉത്തരവു പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവിധ തരത്തിലുള്ള കോൺട്രാക്ട് തുകയായി കണക്കാക്കേണ്ടുന്ന എസ്റ്റിമേറ്റ് എന്നാൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പ്രതിഫലം കണക്കാക്കി നൽകിയത് ജി.എസ്.ടി ഉൾപ്പെട്ട തുകയ്ക്കോ അല്ലെങ്കിൽ ആനുപാതികമായി മറ്റു വിധേനയോ ആണ്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഖണ്ഡികയുടെ വിശദാംശങ്ങൾ 3-1 ആയി ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് തുകയുടെ 4% നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക | ഫൈനൽ ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 43/20 | കദളിച്ചിറ എൽ.ഐ. അനുബന്ധ സാമഗ്രികൾ വാങ്ങൽ | 171407 | 6856 | 7679 | 823 | 99655/28-04-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 2) |
| 2 | 303/20 | കുറ്റിക്കാണിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പുനരുദ്ധാരണം | 113108 | 4524 | 5028 | 504 | 130735/15-05-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 15) |
| 3 | 188/20 | അംഗൻ വാടി കെട്ടിടങ്ങളും സാക്ഷരതാ കേന്ദ്രവും വയറിംഗും ഇലക്ട്രിക് കണക്ഷനും | 237722 | 9508 | 10067 | 559 | 261747/15-05-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 16) |
| 4 | 351/21 | വരദനാട് കമ്മ്യൂണിറ്റിഹാൾ കുടിവെള്ളം ഇലക്ട്രിഫിക്കേഷൻ | 209672 | 8386 | 9199 | 813 | 89193/27-03-21 ബിൽ നമ്പർ. 592/31-3-21 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 312/20 | കൈരളി കുടി വെള്ള പദ്ധതി പുനരുദ്ധാരണം | 95867 | 3835 | 4282 | 447 | 111339/23-02-21 (ട്രഷറി ബിൽ ബുക്ക് നമ്പർ 39) |
| 6 | 313/20 | സ്വയം പര്യാപ്ത ഗ്രാമം കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 104614 | 4184 | 4686 | 502 | 121853/29-05-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 21) |
| 7 | 314/20 | തിരുത്ത് പറമ്പ് കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ മെയിന്റനൻസ് | 428630 | 17145 | 18822 | 1677 | 489374/15-05-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 17) |
| 8 | 39/20 | ഉറുമ്പൻ കുന്ന് എസ്.സി കമ്യൂണിറ്റി ഹാളും, പരമ്പരാഗത യൂണിറ്റും ഇലക്ട്രിഫിക്കേഷൻ മെയിന്റനൻസ് | 85074 | 3402 | 3781 | 379 | 98314/24-04-20 (ട്രഷറി ബിൽ ബുക്ക് നമ്പർ 4) |
| 9 | 217/21 SO | കുടുംബശ്രീ ഉത്പന്ന സംഭരണ വിപണന കേന്ദ്രം അറ്റകുറ്റപ്പണികൾ | 133588 | 5344 | 5985 | 641 | |
| | | ആകെ | | | | 6345 | ട്രഷറി ബിൽ നം.53/22.07.20 |

(ഓഡിറ്റ് എൻ ക്വയറി നം.12,13/12.07.2022) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി.

## 1-31 ഹരിത കർമസേന പ്രവർത്തനങ്ങളുടെ നിരീക്ഷണങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഹരിത കർമ സേനക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി ധനകാര്യ കമ്മീഷൻ അവാർഡ് 161339 രൂപ ചെലവിട്ടിട്ടുണ്ട്. ഹരിത കർമസേനയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

1. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് തുക ഒന്നിലേറെ തവണകളായി ഹരിത കർമസേന ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതിനു പകരം കണക്കാക്കിയ തുക ഓരോ ഗുണഭോക്താവിന്റേയും ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ടതാണ്.

2.ഹരിത കർമ സേനക്കായുള്ള രസീതികൾ പഞ്ചായത്തിൽ നിന്നാണ് നൽകുന്നത്. ഇതിൽ ഉപയോഗിച്ച തീർന്ന രസീതികൾ നിലവിൽ പഞ്ചായത്തിൽ സൂക്ഷിച്ച് ഓഡിറ്റിന് വിധേയമാക്കുന്നില്ല. ഈ പ്രവണത അവസാനിപ്പിക്കേണ്ടതും ഉപയോഗിച്ച തീർന്ന രസീതി കൗണ്ടർ ഫോയിലുകൾ പഞ്ചായത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

3. ഓരോ രസീതു പുസ്തകവും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ ശേഷം രസീതു പ്രകാരമുള്ള തുക നിർവ്വഹണോദ്യോഗസ്ഥന്റെ ഇതിനായി സൂക്ഷിച്ച രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4.ഹരിത കർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തിന്റെ വിവരങ്ങൾ ഹരിത കർമസേന പ്രത്യേക രജിസ്റ്ററിൽ എഴുതിത്തയ്യാറാക്കേണ്ടതും, ഗ്രീൻ കേരള മിഷനോ, മറ്റ്ഏജൻസിക്കോ കൈമാറിയതിന്റെ വിവരങ്ങൾ, തൂക്കം, വില എന്നിവ രജിസ്റ്ററിൽ ചേർക്കേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻ പ്രത്യേകം സാക്ഷ്യപ്പെടുത്തി നൽകേണ്ടതുമാകുന്നു.

## 1-32 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ചെലവ് തുക | പ്രോജക്ടിന്റെ പേര് | ഏജൻസി | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2/20 | 116953 | IKM വിഹിതം അടക്കൽ | IKM | Vr.no. 2200806/29-09-2020 |
| 2 | 23/20 | 2250000 | വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | Try Bill Book Sl.No. 40/05-03-21 |
| 3 | 12/20 | 210000 | എ.ബി.സി പ്രോഗ്രാം | Kudumbasree District Mission | Try Bill Book Sl.No. 28/23-10-20 |
| 4 | 357/20 | 1000000 | ടേക്ക് എ ബ്രേക്ക് | Cost Ford | 2301520053/30.03.2022 |
| 5 | 189/20 | 105500 | സ്ലീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി | Try Bill Book Sl.No. 41/05-03-21(6220) 72314/vr.22000186 /01-12-20 26966/vr.527-2/03/21 |

## 1-33 മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ട് - അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 300000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.134/ 21
മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ: സീനിയർ വെറ്ററിനറി സർജൻ
റോഡിതര ഫണ്ട് : 300000
ചെലവ് : 300000
ട്രഷറി ബിൽ നം.11/ 20-21 തിയതി 5.2.21
സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ വടക്കാഞ്ചേരി
ഇഷ്യൂ നം: 0802301/20106 Dt. 19.1.2021 പ്രകാരം ലഭ്യമാക്കിയ മരുന്നുകൾ സ്റ്റോക്കിലെടുത്തതായി സീനിയർ വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
ഫയലിനോടൊപ്പം ലഭ്യമാക്കിയ മേൽ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്ററുകൾ വോള്യം II,III എന്നിവയുമായി ഒത്തു പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1.മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.
19.1.2021 ലെ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദാംശം താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് / ബാച്ച്നം./ എക്സ്പയറി ഡേറ്റ് | ക്വാണ്ടിറ്റി | മരുന്നിന്റെ വില ആകെ [ടാക്സ് അടക്കം] | സ്റ്റോക്ക് രജിസ്റ്റർ /വോള്യം നമ്പർ / പേജ് നമ്പർ | റിമാർക്ക്സ്/ |
|---|---|---|---|---|---|
| 1. | Ktop Injection 100ml CM 44001/31-5-22 | 100ML*10 NOS | 2307.30 | വോള്യം 3 / 54 | 3rd വോള്യം പേജ് 54 ൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. |
| 2. | Dexona Injection5mlDXIF2038/30.4.22 | 5ML*10 NOS | 121.50 | വോള്യം 2 / 6 | 2nd വോള്യം പേജ് 6 ൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. |

| | | | | | |
|---|---|---|---|---|---|
| 3. | Utrovet Forte Tab 10s 246 30.9.2023 | 10s*25 NOS | 110.00 | വോള്യം 3 / 81 | 3rd വോള്യം പേജ് 81 ൽ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. |
| 4. | Prednisolone Injection10ml 20395 31-8-2023 | 10ml*65 NOS | 2166.45 | വോള്യം 2 / 114 | പേജ് 114 ൽ 28.9.19 ൽ വന്ന പ്രസ്തുത മരുന്ന് 10 എണ്ണം സ്റ്റോക്കിലെടുത്തതിൽ 11. 11.19 ന് ഇഷ്യൂ ചെയ്ത 1 എണ്ണം കഴിച്ച് ബാക്കി 9 എണ്ണം ബാലൻസ് നിൽക്കുന്നു. 19. 1.21 ന് വന്നത് സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തൽ ഇല്ല. |
| 5. | Sodium Bicarbonate Injection 311/30.4.22 | 75NOS | 1784.25 | വോള്യം 2/ 104 | 2nd വോള്യം പേജ് 104 ൽ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയത് രജിസ്റ്ററിൽ ലഭ്യമായില്ല.പേജ് 104 ൽ 28.9.19 ൽ വന്ന 25 എണ്ണത്തിൽ 15 എണ്ണം ബാലൻസ് ഉണ്ട്. 19. 1.21 ൽ വന്നത് സ്റ്റോക്കിലെടുത്തിട്ടില്ല. |
| 6. | STERILE WATER FOR INJECTION OW537 30.9.2023 | 50NOS | 112.50 | വോള്യം 3/ 90 | പേജ് 90 ൽ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| 7. | Loxcam PS Bolus 4s P2011026 31.10.2022 | 10s*40NOS | 2464.00 | വോള്യം 2/ 107 | പേജ് 107 ൽ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| 8. | INCRELAC BOLUS 30S PTI20133/30.11.23 | 126NOS | 15855.84 | വോള്യം 3/ 51 | 19.1.21 ലെ ഇൻ വോയ്സ് ക്രമ. നം. 60 പ്രകാരം വന്ന 126 എണ്ണം സ്റ്റോക്കിലെടുത്തതായി രേഖയില്ല. |
| | | ആകെ മരുന്നിന്റെ വില | 24921.84/- | | |

19.1.21 ലെ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ എല്ലാം സ്റ്റോക്കിലെടുത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മേൽ പറഞ്ഞ മരുന്നുകളുടെ സ്റ്റോക്ക് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കാത്തത് നിലവിലെ നടപടി ക്രമങ്ങൾക്ക് വിരുദ്ധമാണ്. മേൽ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [നം.3/ 7.7.22] ലഭ്യമാക്കിയ താൽക്കാലിക മറുപടിയിൽ “Clerical Oversite” മൂലമാണ് ചില മരുന്നുകൾ സ്റ്റോക്കിൽ എടുക്കാത്തതെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മരുന്നുകൾ എല്ലാം തന്നെ വിതരണം ചെയ്യുന്ന മുറയ്ക്ക് അതത് OP ചീട്ടുകളിൽ രേഖപ്പെടുത്തുകയും പ്രത്യേക വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ പറയുന്നു.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ലും സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. 19.1.21 ൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്കിലെടുത്തതായി സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത മരുന്നുകൾ ചേർത്തിട്ടില്ല.
സ്റ്റോർ പർച്ചേസ് മാന്വലിലേയും ഫിനാൻഷ്യൽ കോഡിലെയും മേൽ പറഞ്ഞ വ്യവസ്ഥകളുടെ അന്തഃസത്തക്ക് നിരക്കാത്ത രീതിയിലാണ് മരുന്ന സ്റ്റോക്ക് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
2.മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതിയിലും വിതരണം പൂർത്തിയാക്കാതെ കാണപ്പെടുന്നു. അവയിൽ എക്സ്പയറി ഡേറ്റ് കഴിഞ്ഞവയുമുണ്ട്. എക്സ്പയറി കഴിഞ്ഞ ഉപയോഗശൂന്യമായ മരുന്നുകൾ സ്റ്റോക്കിൽ നിന്നും കുറവു ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ. നം | മരുന്നിന്റെ പേര് / ബാച്ച്നം./ എക്സ്പയറി ഡേറ്റ് | ക്വാണ്ടിറ്റി | മരുന്നിന്റെ വില ആകെ [ടാക്സ് അടക്കം] | സ്റ്റോക്ക് രജിസ്റ്റർ /വോള്യം നമ്പർ / പേജ് നമ്പർ | റിമാർക്സ്/ |
|---|---|---|---|---|---|
| 1. | Minthal600mgTab4s 431006 /2023-09-30 | 4s*200 NOS | 5754.00 | വോള്യം 2 / 192 | പേജ് 192 ൽ 19.1.21 ൽ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2. | Vetcort Injection 30ml 69006/ 30.9.22 | 30ml*20 NOS | 3960.00 | വോള്യം 3 / 64 | പേജ് 64 ൽ 20.1.21 ന് 1 എണ്ണം ഇഷ്യൂ ചെയ്തതിനു ശേഷം ഉപയോഗിച്ചിട്ടില്ല. |
| 3. | Xceft Injection 1gm 719018 /31.8.22 | 1gm*9 NOS | 3442.86 | വോള്യം 2 / 151 | പേജ് 151 ൽ 19.1.21 ൽ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിതരണം രേഖപ്പെടുത്തിയിട്ടില്ല. |
| 4. | Utrodine Solution 60ml DL805 30.9.22 | 60ML*25 NOS | 1320.00 | വോള്യം 3 / 65 | പേജ് 65 ൽ 19. 1.21 ന് സ്റ്റോക്കിൽ എടുത്തു. നാളിതു വരെ [7.7.22] വരെ വിതരണം നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല . |
| 5. | Milk Fever Formula Injection 450ml MFISK/30.11.22 | 450ML*20 NOS | 3162.40 | വോള്യം 3 / 68 | പേജ് 68 ൽ 19. 1.21 ന് സ്റ്റോക്കിൽ എടുത്തു. നാളിതു വരെ [7.7.22] വരെ വിതരണം നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല . |
| 6. | Neoprofen Injection15ml 1003172/31-10-2022 | 15ml*50 NOS | 12245.00 | വോള്യം 3 / 69 | പേജ് 69 ൽ 19. 1.21 ന് സ്റ്റോക്കിൽ എടുത്തു. നാളിതു വരെ [7.7.22] വരെ വിതരണം നടത്തിയതായി രേഖപ്പെടുത്തൽ ഇല്ല . |
| 7. | Steclin Injection 100ml STIR20338 31.10.22 Steclin Injection | 100ML*110 100ML*65 NOS | 7772.60 4592.90 | വോള്യം 3 / 74 | പേജ് 74 ൽ 175 എണ്ണം സ്റ്റോക്കിലെടുത്ത് 22.1.21 ന് 1 എണ്ണം ഇഷ്യൂ കാണിച്ച് ബാക്കി 174 നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| | 100ml<br>STIR20339 31.10.22 | | | | ആശുപത്രി സ്റ്റോക്കിന്റെ വിശദാംശം രേഖകൾ സഹിതം വിശദീകരിക്കേണ്ടതാണ്. |
| 8. | Ridema Injection 10ml<br>SRM20012/30.9.22 | 10ml*10 NOS | 510.40 | വോള്യം 3 / 79 | പേജ് 79 ൽ 10 എണ്ണം സ്റ്റോക്കിലെടുത്ത് 30.1.21 ന് 1 എണ്ണം ഇഷ്യൂ കാണിച്ച് ബാക്കി 9 നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |
| 9. | Chorulon Injection 1500IU<br>A24A002/31.3.22 | 1500IU*24 NOS | 11616.00 | വോള്യം 3 / 85<br>ഇൻജക്ഷൻ 1 ന് 484 രൂപയാണ് വില | പേജ് 85 പ്രകാരം 19.1.21 ന് സ്റ്റോക്കിലെടുത്ത് 22, 25, 30.1.21 തിയതികളിൽ 1 വീതം ഇഷ്യൂ ചെയ്ത് 21 എണ്ണം ബാലൻസ് ഉണ്ട്.<br>ഓഡിറ്റ് തിയതി 7.7.22 ലും ബാലൻസ് നിൽക്കുന്നു. |
| 10. | Tetracycline Powder 100gm<br>IT8020253/31.10.22 | 100GM*10 NOS | 616.00 | വോള്യം 2 / 175 | പേജ് 175 ൽ സ്റ്റോക്ക് രേഖപ്പെടുത്തി. വിതരണം ചെയ്തതായി രേഖപ്പെടുത്തൽ ഇല്ല. |
| 11. | DNS 500ml<br>DB90591 30-6-23 | 500ml*225 NOS | 6552.00 | വോള്യം 3/ 86 | പേജ് 86 ൽ 28.2.21 വരെ 11 എണ്ണം ഇഷ്യൂ ചെയ്തു. പിന്നീട് വിതരണം നടന്നിട്ടില്ല. |
| 12. | NS 500ML<br>OC91037/31.8.22 | 500ml*225 NOS | 6189.75 | വോള്യം 2/ 103 | പേജ് 103 ൽ സ്റ്റോക്ക് രേഖപ്പെടുത്തി. വിതരണം ചെയ്തതായി രേഖപ്പെടുത്തൽ ഇല്ല. |
| 13. | Bloodoff Injection 20ml<br>UDL216A 30.6.22 | 20ml*5NOS | 707.55 | വോള്യം 3/ 93 | പേജ് 93 ൽ 19. 1.21 ന് സ്റ്റോക്കിലെടുത്തത് 22.2.21 ൽ 3 എണ്ണം ബാലൻസുണ്ട്. പിന്നെ ഇഷ്യൂ വന്നിട്ടില്ല. |
| 14. | Oxol 150mg Bolus 10s<br>P2011026 31.10.22 | 10s*30NOS | 1320.00 | വോള്യം 3/ 95 | പേജ് 95 ൽ 19.1.21 ൽ സ്റ്റോക്കിലെടുത്ത 300 എണ്ണത്തിൽ 30.1.22 ൽ 139 എണ്ണം ബാലൻസുണ്ട്.ബാക്കി കാരി ഓവർ ചെയ്തതായി രേഖയില്ല. |
| 15. | Fasmin 6gm Bolus<br>5694 31.8.22 | 20NOS | 1900.80 | വോള്യം 3/ 96 | 19.1.21 ലെ ഇൻ വോയ്സ് പ്രകാരം 20 എണ്ണം ആണ് . എന്നാൽ പേജ് 96 ൽ 68 എണ്ണമാണ് റസിപ്റ്റ് കാണിച്ചിരിക്കുന്നത്. |

വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി [SPM ഖ.6.1.] മരുന്നുകൾ വാങ്ങി സൂക്ഷിക്കുന്ന പക്ഷം മേൽ അപാകത ഒഴിവാക്കാമായിരുന്നു. KFC ആർട്ടിക്കിൾ 152 പ്രകാരം സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്തു തന്നെ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കണം. ന്യായമായ കാലയളവിലേക്ക് ആവശ്യമായതിൽ അധികം സാധനങ്ങൾ വാങ്ങി സൂക്ഷിക്കുവാൻ പാടില്ല. ആയത് ഉറപ്പാക്കുവാൻ നശിച്ചു പോകുവാൻ സാധ്യതയുള്ള വസ്തുക്കളുടെ സ്റ്റോക്ക് ആറു മാസം

കൂടുമ്പോഴും മറ്റുള്ളവ വർഷത്തിൽ ഒരിക്കലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ് [KFC ആർട്ടിക്കിൾ 153] . മേൽനടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഫയലിലോ സ്റ്റോക്ക് രജിസ്റ്ററിലോ ലഭ്യമായില്ല.

ഓഡിറ്റ് എൻക്വയറിക്ക് [നം.3/07.07.2022] ലഭ്യമാക്കിയ മറുപടിയിൽ, OP ചീട്ടുകളിൽ നിന്ന് പ്രത്യേകമായി മാറ്റി വെച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിശദാംശം അതിൽ നിന്ന് സ്റ്റോക്ക് ബുക്കിലേക്ക് പിന്നീട് മാറ്റി എഴുതുകയാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത് തീർത്തും തെറ്റായ നടപടി ക്രമമാണ്. പർച്ചേസ് കഴിഞ്ഞ് മരുന്നുകൾ സ്റ്റോക്ക് എൻട്രി വരുത്തിയ ശേഷമാണ് മരുന്നിന്റെ വില പോലും കൈമാറേണ്ടത്. OP കേസുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതുകൊണ്ടാണ് അങ്ങനെ ചെയ്തതെന്നും സ്റ്റോക്കിൽ എടുത്ത കാലയളവിൽ [3/21] ചുമതലയുണ്ടായിരുന്ന സീനിയർ വെറ്ററിനറി സർജനോട് വിശദീകരണം ആവശ്യപ്പെട്ടതായും കൂടുതൽ വിശദമായ മറുപടി എത്രയും വേഗം സമർപ്പിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപറഞ്ഞ അപാകതകൾ ക്രമ.നം.1,2 എന്നിവ പ്രകാരമുള്ള 23 ഇനം മരുന്നുകളുടെയും സ്റ്റോക്ക് – വിതരണ വിശദാംശം എൻക്വയറിക്കുള്ള മറുപടിയിൽ രേഖപ്പെടുത്തിയതനുസരിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. അതുവരെ ആകെ ചെലവു തുക 300000രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 കന്നുകുട്ടി പരിപാലന പദ്ധതി -ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

പ്രൊജക്ട് നം. 133/20, കന്നുകുട്ടി പരിപാലന പദ്ധതി

ചെലവ് തുക – 3,12,500/- (വികസന ഫണ്ട് – ജനറൽ)

ട്രഷറി ബിൽ നം. 16/14.3.21 – തുക – 3,12,500/-

ബ്ലോക്ക് ഫണ്ട്: 3,12,500

ട്രഷറി ബിൽ നം. 17/14.3.21 – തുക – 2,12,500/-

ട്രഷറി ബിൽ നം. 18/14.3.21 – തുക – 1,00,000/-

(I) മേൽ ബില്ലുകൾ പ്രകാരം 50 ഗുണഭോക്താക്കൾക്ക് കന്നുകുട്ടി പരിപാലനത്തിനായി സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് 6,25,000/- രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(II) പദ്ധതിയുടെ ഗുണഭോക്താക്കളിൽ (1)ജയരാജൻ എടത്താടൻ (2) മോളി ഹരി (3) ഹനീഷ് മുക്കുളത്തുപറമ്പിൽ (4) സജന അരിക്കാട്ട്എന്നിവർ 11 മാസം മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ഇവരെ പദ്ധതിയിൽ നിന്നും നീക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ എസ്.എൽ.ബി.പി യിൽ ഇവരുടെ വിഹിതമായി അടവാക്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.5/08.07.2022)

## 1-35 ഡെപ്പോസിറ്റ് പ്രവൃത്തി - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രൊജക്റ്റ് നം. 186/ 21 SO

കുഴൽ കിണർ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും- ബി ആർ സി കോമ്പൗണ്ട്, ആയുർവ്വേദ ആശുപത്രി, കണ്ണിക്കര ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോമ്പൗണ്ട്.

വൗച്ചർ നം.22000732 Dt. 8.7.20 തുക 151400

ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 3.8.2019 ലെ നം. ഡിജിടി 1341/ 2019 നം. കത്തിലെ എസ്റ്റിമേറ്റ് പ്രകാരം ഗവ. ആയുർവ്വേദ ഹോസ്പിറ്റൽ പരിസരം, ബി.ആർ. സി കോമ്പൗണ്ട് എന്നിവിടങ്ങളിൽ കുഴൽ കിണർ കുഴിക്കുന്നതിന് 151400 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സെക്രട്ടറിക്ക് നൽകിയതിനെ തുടർന്ന് മേൽ വൗച്ചർ പ്രകാരം ഭൂജല വകുപ്പിന് തുക കൈമാറി.ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.29.1.2018 ലെ സ.ഉ.[കൈ] നം.11/ 2018 തസ്വഭവ പദ്ധതി മാർഗ്ഗരേഖ ഖ.11.2 ഡി ഡെപ്പോസിറ്റ് വർക്കുകൾ നിർദ്ദേശം [ii] പ്രകാരം കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., ഭൂജല വകുപ്പ് എന്നിവയ്ക്ക് തുക മുൻകൂർ നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടണം. അതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. കൂടാതെ നിർദ്ദേശം [iii] പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ ത.സ്വ.ഭ.സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെടണമെന്ന നിബന്ധന പാലിച്ചതായി ഫയലിൽ രേഖകൾ ലഭ്യമായില്ല. തുക കൈമാറി ഒരു വർഷ കാലയളവിനു ശേഷമാണ് [22.7.21] പ്രവൃത്തി പൂർത്തീകരിക്കുന്നത്. വരും വർഷങ്ങളിൽ എഗ്രിമെന്റ് ചമച്ച മാത്രം പ്രവൃത്തികൾ ഏൽപ്പിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി [നം.9/11.7.22 ] ക്ക് മറുപടി നൽകി.

2. 22.7.21 ലെ ഡിജിടി 1341/ 2019 നം. കത്തു പ്രകാരം BRC Compound ലെ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടും ഫൈനൽ ബില്ലും ലഭ്യമാക്കിയിട്ടുണ്ട്. ആയുർവേദ ആശുപത്രി പരിസരത്ത് കിണർ കുഴിക്കാൻ സാധ്യമല്ലെന്നും ഫൈനൽ ബിൽ പ്രകാരമുള്ള ബാലൻസ് തുക 69895 രൂപ പഞ്ചായത്തിന്റെ അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്ന പക്ഷം അതിലേക്ക് ട്രാൻസ്ഫർ ചെയ്യുമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമാക്കിയതിന്റെ വിശദാംശം രേഖകൾ സഹിതം അറിയിക്കേണ്ടതാണെന്ന എൻക്വയറിക്ക് നൽകിയ മറുപടിയിൽ, പുതുതായി നിർമ്മാണം നടത്തുന്ന സൈറ്റുകളിൽ[കാരൂർ കമ്മ്യൂണിറ്റി ഹാൾ, ടേക്ക് എ ബ്രേക്ക് കെട്ടിട പരിസരം] കുഴൽ കിണർ സ്ഥാപിക്കുന്നതിലേക്ക് തുക അഡ്ജസ്റ്റ് ചെയ്യാൻ വേണ്ടിയാണ് ബാക്കിനിൽക്കുന്ന തുക തിരിച്ചു വാങ്ങാതിരുന്നതെന്ന് അറിയിച്ചു. പ്രസ്തുത തുകയുടെ തുടർ വിനിയോഗ വിവരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 തൊഴിലുറപ്പുപദ്ധതി - മെറ്റീരിയൽ വർക്കുകൾ - അപാകതകൾ പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ തൻവർഷം പൂർത്തിയാക്കിയ മെറ്റീരിയൽ വർക്കുകൾ, 27.8.2020 ലെ A3/ 7277-20 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ നടപടികൾ ആരംഭിച്ചു. ഓരോ പ്രവൃത്തിക്കും പ്രത്യേകമായാണ് ടെണ്ടർ ക്ഷണിച്ചത്. മേൽനോട്ടീസ് പ്രകാരം 36 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 18.9.20 ലെ 3 ൽ 3 (1) തീരുമാനം മുഖേന എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിക്കുന്നതിന് തീരുമാനിച്ചു. അല്ലാത്ത പ്രവൃത്തികൾ 5.10.20ന് റിടെണ്ടർ നടത്തിയിട്ടുണ്ട്.

പരിശോധിച്ച ഫയലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി/ എം.ബി നം. | മെറ്റീരിയൽ തുക [എസ്റ്റിമേറ്റ്] | കോൺട്രാക്ടർ |
|---|---|---|---|---|
| 1. | കൊട്ടാരത്തിൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് | 2/2020-21 തിയതി 22.5.2020 268/MGNREGS /2020-21 | 309145.52 | സി.എ ജോൺ |
| 2. | എ.കെ.കെ കുളങ്ങര റോഡ് കോൺക്രീറ്റിംഗ് വാർഡ് 12 | 5/2020-21 തിയതി 22.5.2020 268/MGNREGS /2020-21 | 391698.10 | സി.വി ദേവസ്സിക്കുട്ടി |
| 3. | പുഞ്ചപ്പാടം പാറയ്ക്കൽ അമ്പലം ലിങ്ക് റോഡ് വാർഡ് 11 | 4/2020-21 തിയതി 22.5.2020 325/MGNREGS /2020-21 | 38444.87 | സി.വി ദേവസ്സിക്കുട്ടി |

1. മേൽപ്പറഞ്ഞ വർക്കുകളിലെല്ലാം തന്നെ മെറ്റീരിയൽ കോസ്റ്റ് 250000 രൂപയിൽ അധികരിക്കുകയും, മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർക്ക് ബിൽ തുകകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികരിച്ച തുകകൾ മെറ്റീരിയലിന് അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28$^{th}$ ജി.എസ്.സി. കൗൺസിൽ തീരുമാനം) ജി.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം. തൊഴിലുറപ്പ് പദ്ധതിയിൽ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ മേൽ വ്യവസ്ഥ പാലിക്കേണ്ടതാണ്. ജി.എസ്.ടി കുറവ് ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശമൊന്നും ലഭിക്കാത്തതിനാൽ ആയതിൽ വ്യക്തത വരുത്തിയ ശേഷം വേണ്ട നടപടി സ്വീകരിക്കുമെന്ന് ഓഡിറ്റ് എൻക്വയറി നം.14 12.7.2022 ന് മറുപടി ലഭ്യമാക്കി.

2. വർക്ക് ഫയലിൽ ആവശ്യം വേണ്ട ഏതാനും രേഖകൾ ; മെറ്റീരിയൽ സപ്ലൈ ഓർഡർ, മെറ്റീരിയൽ വൗച്ചറുകളും ബില്ലുകളും, ടാക്സ് അടച്ച രശീതികൾ, ആധികാരികമായ ടെണ്ടർ കമ്പാരേറ്റീവ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3.ക്രമ നം.1 പ്രവൃത്തിയിൽ സെമി സ്കിൽഡ് വകയിരുത്തൽ 34398 രൂപയാണ്. ഫയലിൽ 3 മസ്റ്റർ റോളുകളിലായി

29640 രൂപ ജോൺ സി.എ, ഷീല ജോൺ എന്നിവർ ഒപ്പിട്ട് വാങ്ങിക്കാണുന്നു. വർക്കിന്റെ കോൺട്രാക്ടറും കുടുംബവുമാണെന്ന് വ്യക്തമാണ്.
സ്കിൽഡ് വകയിരുത്തൽ 1419.41 രൂപയാണ്. എന്നാൽ സ്കിൽഡ് മസ്റ്റർ റോൾ പ്രകാരം കോൺട്രാക്ടർ ജോൺ സി.എ. 5 ദിവസത്തേക്ക് 1010 രൂപ വെച്ച് 5050രൂപ മസ്റ്റർ റോളിൽ ഒപ്പുവെച്ച് കൈപ്പറ്റിയിട്ടുണ്ട്.
തൊഴിലുറപ്പ് കാർഡുള്ള തൊഴിലാളികളിൽ നിന്നു തന്നെ സെമിസ്കിൽഡ് , സ്കിൽഡ് വർക്കുകൾക്ക് ആളുകളെ സജ്ജരാക്കാതെ മെറ്റീരിയൽ കോൺട്രാക്ടർക്കും കുടുംബത്തിനും ഇപ്രകാരം തുക കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്. എസ്റ്റിമേറ്റിൽ നിന്നും ഗണ്യമായ വ്യതിചലനം സ്കിൽഡ്, സെമിസ്കിൽഡ് വിഭാഗത്തിൽ വന്നതും വിശദീകരിക്കേണ്ടതാണ്. ക്രമ.നം. 2,3 വർക്കുകളിലും കോൺട്രാക്ടറും കുടുംബവും ഈ രീതിയിൽ വേതനം കൈപ്പറ്റിയിട്ടുണ്ട്.
4.ഫയലിൽ അസറ്റ് ഐഡി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉള്ളവയാണോ പ്രസ്തുത റോഡുകൾ പാതകൾ എന്ന് വ്യക്തമാക്കേണ്ടതാണ്.
ക്രമ നം. 2, 3, 4 അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി[14/12.7.22] ക്ക് മറുപടി ലഭ്യമാക്കി. തുടർ ഓഡിറ്റിൽ മേൽ അപാകതകൾ പരിഹരിക്കപ്പെട്ടോയെന്ന് പരിശോധിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇലക്ട്രിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പ്രതിഫലം അധികം നൽകി. അധികം നൽകിയ തുക 6345 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

ഓഡിറ്റ് വർഷം പഞ്ചായത്തിൽ നടത്തിയ ഇലക്ട്രിക് പ്രവൃത്തികളിൽ അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% നിരക്കിൽ പ്രതിഫലം നൽകിയിട്ടുണ്ട്. ഫിനാൻസ് (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ് ബി) വകുപ്പിന്റെ 18/2019/fin തിയ്യതി. 01/03/2019 ലെ ഉത്തരവു പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവിധ തരത്തിലുള്ള കോൺട്രാക്ട് തുകയായി കണക്കാക്കേണ്ടുന്ന എസ്റ്റിമേറ്റ് എന്നാൽ ജി.എസ്.ടി ഉൾപ്പെടാത്ത തുകയാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പഞ്ചായത്ത് പ്രതിഫലം കണക്കാക്കി നൽകിയത് ജി.എസ്.ടി ഉൾപ്പെട്ട തുകയ്ക്കോ അല്ലെങ്കിൽ ആനുപാതികമായി മറ്റു വിധേനയോ ആണ്. ഇപ്രകാരം അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
{(ഓഡിറ്റ് എൻക്വയറി നം.12,13/12.07.2022) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി.)}

| ക്രമ നമ്പർ | പ്രോജക്ടിന്റെ നമ്പർ | പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് തുകയുടെ 4% നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക | ഫൈനൽ ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| 1 | 43/20 | കദളിച്ചിറ എൽ.ഐ. അനുബന്ധ സാമഗ്രികൾ വാങ്ങൽ | 171407 | 6856 | 7679 | 823 | 99655/28-04-20 (ട്രഷറി ബിൽ നമ്പർ 2) |
| 2 | 303/20 | കുറ്റിക്കാണിക്കുളം ലിഫ്റ്റ് ഇറിഗേഷൻ പുനരുദ്ധാരണം | 113108 | 4524 | 5028 | 504 | 130735/15-05-20 (ട്രഷറി ബിൽ നമ്പർ 15) |
| 3 | 188/20 | അംഗൻ വാടി കെട്ടിടങ്ങളും | 237722 | 9508 | 10067 | 559 | 261747/15-05-20 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സാക്ഷരതാ കേന്ദ്രവും വയറിംഗും ഇലക്ട്രിക് കണക്ഷനും | | | | | (ട്രഷറി ബിൽ നമ്പർ 16) |
| 4 | 351/21 | വരദനാട് കമ്യൂണിറ്റിഹാൾ കുടിവെള്ളം ഇലക്ട്രിഫിക്കേഷൻ | 209672 | 8386 | 9199 | 813 | 89193/27-03-21 ബിൽ നമ്പർ. 592/31-3-21 |
| 5 | 312/20 | കൈരളി കുടി വെള്ള പദ്ധതി പുനരുദ്ധാരണം | 95867 | 3835 | 4282 | 447 | 111339/23-02-21 (ട്രഷറി ബിൽ നമ്പർ 39) |
| 6 | 313/20 | സ്വയം പര്യാപ്ത ഗ്രാമം കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 104614 | 4184 | 4686 | 502 | 121853/29-05-20 (ട്രഷറി ബിൽ നമ്പർ 21) |
| 7 | 314/20 | തിരുത്ത് പറമ്പ് കമ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ മെയിന്റനൻസ് | 428630 | 17145 | 18822 | 1677 | 489374/15-05-20 (ട്രഷറി ബിൽ നമ്പർ 17) |
| 8 | 39/20 | ഉറുമ്പൻ കുന്ന് എസ്.സി കമ്യൂണിറ്റി ഹാളും, പരമ്പരാഗത യൂണിറ്റും ഇലക്ട്രിഫിക്കേഷൻ മെയിന്റനൻസ് | 85074 | 3402 | 3781 | 379 | 98314/24-04-20 (ട്രഷറി ബിൽ നമ്പർ 4) |
| 9 | 217/21 SO | കുടുംബശ്രീ ഉത്പന്ന സംഭരണ വിപണന കേന്ദ്രം അറ്റകുറ്റപ്പണികൾ | 133588 | 5344 | 5985 | 641 | ട്രഷറി ബിൽ നമ്പർ 53/22.7.20 |
| | | ആകെ | | | | 6345 | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1592272 | ലൈഫ് പദ്ധതി (ജനറൽ ) [Project No:48/21] | 992272 | 600000 |
| | 2020-21 | 998200 | ലൈഫ് പദ്ധതി[എസ്.സി] [Project No:76/21] | 998200 | 0 |
| | 2020-21 | 200000 | പാലിന് സബ്സിഡി [Project No:83/21] | 200000 | 0 |
| | 2020-21 | 500000 | ശാരീരിക മാനസിക | 500000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് [Project No:84/21] | | | |
| | 2020-21 | 500000 | നെൽകൃഷി വികസനം ഉഴവുകൂലി സബ്സിഡി നൽകൽ [Project No:112/21] | 500000 | 0 | |
| | 2020-21 | 100000 | പച്ചക്കറികൃഷി വികസന പദ്ധതി [Project No:129/21] | 96000 | 4000 | |
| | 2020-21 | 100000 | പച്ചക്കറികൃഷി വികസന പദ്ധതി-വനിത [Project No:131/21] | 0 | 100000 | |
| | 2020-21 | 312500 | പ്രത്യേക കന്നുകുട്ടി പരിപാലനം [Project No:133/21] | 312500 | 0 | |
| | 2020-21 | 200000 | വാഴകൃഷി വികസനം-വനിത [Project No:138/21] | 0 | 200000 | |
| | 2020-21 | 500000 | കുഴിക്കാട്ടുശ്ശേരി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം [Project No:145/21] | 0 | 500000 | |
| | 2020-21 | 200000 | എസ്.സി കമ്മ്യൂണിറ്റിഹാളുകൾക്ക് സൗണ്ട് സിസ്റ്റം ഫർണീച്ചർ വാങ്ങൽ [Project No:146/21] | 0 | 200000 | |
| | 2020-21 | 400000 | നെൽകൃഷി വികസനം ഉഴവുകൂലി സബ്സിഡി നൽകൽ [Project No:199/21] | 302018 | 97982 | |
| | 2020-21 | 26000 | പച്ചക്കറി വികസനം[വനിത] [Project No:211/21] | 0 | 26000 | |
| | 2020-21 | 84739 | ലൈഫ് പദ്ധതി (ജനറൽ ) [Project No:225/21] | 84739 | 0 | |
| | 2020-21 | 245920 | പ്രളയത്തിൽ തകർന്ന ടോയ്ലറ്റുകളുടെ മെയിന്റനൻസ് [Project No:298/21] | 63600 | 182230 | |
| | 2020-21 | 150000 | സുഭിക്ഷ കേരളം - കോഴി വളർത്തൽ ജനറൽ -വനിത [Project No:312/21] | 150000 | 0 | |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 75000 | സുഭിക്ഷ കേരളം - കോഴി വളർത്തൽ എസ് സി-വനിത [Project No:313/21] | 72600 | 0 |
| | 2020-21 | 100000 | സുഭിക്ഷ കേരളം - ആട്ടുവളർത്തൽ എസ് സി - വനിത[Project No:315/21] | 46000 | 54000 |
| | 2020-21 | 200000 | പടുതാക്കുളങ്ങളിൽ മത്സ്യകൃഷി [Project No:316/21] | 123741 | 0 |
| | 2020-21 | 100000 | സുഭിക്ഷ കേരളം - കിഴങ്ങുകൃഷി വികസനം എസ്.സി[Project No:318/21] | 0 | 100000 |
| | 2020-21 | 100000 | സുഭിക്ഷ കേരളം - വാഴകൃഷി വികസനം എസ്.സി[Project No:319/21] | 0 | 100000 |
| | 2020-21 | 100000 | സുഭിക്ഷ കേരളം - പച്ചക്കറി വികസനം എസ്.സി[Project No:321/21] | 0 | 100000 |
| | 2020-21 | 100000 | സുഭിക്ഷ കേരളം - കിഴങ്ങുകൃഷി വികസനം ജനറൽ [Project No:322/21] | 96000 | 4000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | അംഗൻവാടി പോഷകാഹാരം [Project No:32/21] | 196025 | 3975 |
| | 2020-21 | 500000 | കദളിചിറയിൽ പമ്പ് ഹൗസ് നിർമ്മാണം വാർഡ് 5[Project No:33/21] | 0 | 500000 |
| | 2020-21 | 100000 | പറയൻ തോട് വൃത്തിയാക്കൽ[Project No:41/21] | 143280 | 856720 |
| | 2020-21 | 6167728 | ലൈഫ് പദ്ധതി ജനറൽ[Project No:48/21] | 557000 | 1953800 |
| | 2020-21 | 2510800 | ലൈഫ് പദ്ധതി എസ്.സി[Project No:76/21] | 557000 | 1953800 |
| | 2020-21 | 100000 | പാലിന് സബ്സിഡി [Project No:83/21] | 100000 | 0 |
| | 2020-21 | 700000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് [Project No:84/21] | 500000 | 200000 |

| | | | | |
|---|---|---|---|---|
| 2020-21 | 100000 | വയോജനങ്ങൾക്ക് കട്ടിൽ ജനറൽ [Project No:88/21] | 0 | 100000 |
| 2020-21 | 500000 | നെൽകൃഷി വികസനം ഉഴവുകൂലി [Project No:112/21] | 0 | 500000 |
| 2020-21 | 500000 | ആനത്തോട്ടം ഒരപ്പൻ തോട്ടം സംരക്ഷണം [Project No:119/21] | 54780 | 445220 |
| 2020-21 | 200000 | സാന്ത്വന പരിചരണം[Project No:132/21] | 18000 | 182000 |
| 2020-21 | 300000 | കുഴിക്കാട്ടുശ്ശേരി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം W12[Project No:145/21] | 0 | 300000 |
| 2020-21 | 72314 | സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും[Project No:189/21] | 72314 | 0 |
| 2020-21 | 196554 | അംഗൻവാടി പോഷകാഹാരം [Project No:196/21] | 189098 | 7456 |
| 2020-21 | 200000 | നെൽകൃഷി വികസനം ഉഴവുകൂലി സബ്സിഡി നൽകൽ [Project No:199/21] | 200000 | 0 |
| 2020-21 | 150000 | സാന്ത്വന പരിചരണം[Project No:214/21] | 0 | 150000 |
| 2020-21 | 17728 | ലൈഫ് പദ്ധതി ജനറൽ[Project No:225/21] | 0 | 17728 |
| 2020-21 | 620000 | ലൈഫ് പദ്ധതി എസ്.സി[Project No:226/21] | 620000 | 0 |
| 2020-21 | 1500000 | വരദനാട് കമ്മ്യൂണിറ്റി ഹാൾ ബാക്കി പ്രവൃത്തികൾ W 3[Project No:229/21] | 1265112 | 234888 |
| 2020-21 | 200000 | അംഗനവാടി കെട്ടിടങ്ങൾ കൊമ്പിടി ഭാഗം മെയിന്റനൻസ്[Project No:237/21] | 180750 | 19250 |
| 2020-21 | 1090000 | കദളിച്ചിറ ക്ലീനിംഗ് പ്രൊട്ടക്ഷൻ W5[Project No:292/21] | 720249 | 369751 |

| | | | | |
|---|---|---|---|---|
| 2020-21 | 400000 | പടുതാക്കുളങ്ങളിൽ മത്സ്യകൃഷി [Project No:316/21] | 0 | 400000 |
| 2020-21 | 400000 | നെൽകൃഷി വികസനം തരിശ്[Project No:317/21] | 0 | 400000 |
| 2020-21 | 220000 | ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം[Project No:343/21] | 200000 | 20000 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകളാണ് മേൽ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ [Project No:23/20] | 1172690 | 3822390 | 2250000 | 1572390 (വാർഷിക കണക്കു പ്രകാരമുള്ളത്) |
| ഭൂജല വകുപ്പ് | [Project No:283/20] | 330839 | 300000 | 151400 | 148600 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ വലിക്കലും പുതിയത് സ്ഥാപിക്കലും. [Project No:189/20] | 1.154732 2.154731 3.173948 | 1229114 | 1226080 | 3034 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | തൻവർഷം എടുത്ത വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണം HUDCO | സ.ഉ(സാധാ)നം. 43/2020/1.1.21 /ത.സ്വ.ഭ.വ | | 4428457[2996657+1431800] | 300137 | 88000 | 4040320 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| മൃച്ചൽ ഫണ്ട് നിക്ഷേപം | 5891 | |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20495739 | |
| തൻവർഷം നിക്ഷേപിച്ച തുക | 2000000 | 724552(പലിശ) |
| ആകെ | 22495739 | 724552(പലിശ) |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22495739 | |

വാർഷിക കണക്കു പ്രകാരം ഉള്ള തുകയുമായി വ്യത്യാസം ഉണ്ട് എന്ന വസ്തുത ഖണ്ഡിക 1-19ൽ വ്യക്തമാക്കിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല.

## 4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143336652.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134490811 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 300000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1-1,2,3,5,6,7,8 | 4891/- | ശ്രീകാന്ത്.പി.എസ്. സെക്രട്ടറി |
| 3-1-4 | 813/- | ജെലീന ബാനു, അസി.സെക്രട്ടറി സെക്രട്ടറി[ഇൻചാർജ്] |
| 3-1-9 | 641/- | സന്തൂപ് എ.വി അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-33 | 300000 | ഡോ. ടെസ്സി കെ കുരുവിള ,സീനിയർ വെറ്ററിനറി സർജൻ |

(സി)കേന്ദ്ര -സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 3-1-1,2,3,5,6,7,8 | 4891/- | ശ്രീകാന്ത്.പി.എസ്. സെക്രട്ടറി | പിഷാരത്ത് പറമ്പിൽ വീട് മാള പി.ഒ |
| 3-1-4 | 813/- | ജലീന ബാനു, സെക്രട്ടറി ചാർജ്ജ് | വേലപറമ്പിൽ ഹൗസ്. അന്നമനട.പി.ഒ 680741 |
| 3-1-9 | 641/- | സന്ദൂപ് എ.വി അസി.എഞ്ചിനീയർ | അക്കര കുറിശ്ശിമന കോണത്തുകുന്നു പി.ഒ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1-33 | 300000 | ഡോ. ടെസ്സി കെ കുരുവിള, സീനിയർ വെറ്ററിനറി സർജൻ | ഡോ.ടെസ്സി കെ.കുരുവിള, ചെമ്പകശ്ശേരി വീട്, കാരുകുളങ്ങര , ഇരിങ്ങാലക്കുട പി.ഒ 680621 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1982-83 | എൽ.എഫ്.ടി.എസ് 2-11/24.10.2011 |
| 1983-84 | |
| 1984-85 | |
| 1985-86 | |
| 1986-87,87-88 | |
| 1988-89,89-90 | |
| 1990-91 | |
| 1991-92,92-93 | |
| 1993-94 | |
| 1994-95,1995-96 | |
| 1996-97(ചെലവ്) | എൽ.എഫ്.ടി.13-656/97/15.6.1999/20.9.1999 |
| 1996-97(വരവ്) | എൽ.എഫ്.ടി.13-919/02/8.8.2002/27.1.2003 |
| 1997-98(ചെലവ്) | എൽ.എഫ്.ടി.13-208/99/19.6.1999/20.9.1999 |
| 1997-98(വരവ്) | എൽ.എഫ്.ടി.13-373/04/1.6.2004/14.9.2004 |
| 1998-99(ചെലവ്) | എൽ.എഫ്.ടി.13-58/01/10.4.2001/13.5.2001 |
| 1998-99(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007 /4.12.2007 |
| 1999-2000(ചെലവ്) | എൽ.എഫ്.ടി.13-247/03/16.6.2003/17.9.2003 |
| 1999-2000(വരവ്) | എൽ.എഫ്.ടി.13-1482/07/22.10.2007 /4.12.2007 |
| 2000-01 | എൽ.എഫ്.ടി.13-1483/07/7.12.2007/3.1.2008 |
| 2001-02 | എൽ.എഫ്.ടി.13-595/08/1.11.2008 |

| | |
|---|---|
| 2000-01,01-02(പ്ളാൻ) | എൽ.എഫ്.ടി.13-1544/03/3.6.2004 |
| 2002-03 | എൽ.എഫ്.ടി.13-640/08/5.11.2008 |
| 2003-04 | എൽ.എഫ്.ടി.13-11/09/21.12.2009 |
| 2004-05 | എൽ.എഫ്.ടി.13-12/09/21.12.2009/26.3.2010 |
| 2005-06 | എൽ.എഫ്.ടി.13-1306/09/17.9.2010 |
| 2006-07 | എൽ.എഫ്.ടി.13-879/09/17.9.2009 |
| 2007-08 | എൽ.എഫ്.ടി.പി14-693/11/30.12.2011 /18.5.2012 |
| 2008-09 | എൽ.എഫ്.ടി.പി 4-1011/12/6.9.2012 |
| 2009-10 | എൽ.എഫ്.ടി.പി 4-1012/12/6.9.2012 |
| 2010-11 | എൽ.എഫ്.ടി.പി 4-1013/12/6.9.2012/2.3.13 |
| 2011-12 | എൽ.എഫ്.ടി.പി 4-1169/13/9.1.2014/4.3.2014 |
| 2012-13 | എൽ.എഫ്.ടി.പി 4-585/14/7.5.14/4.7.14 |
| 2013-14 | എൽ.എഫ്.ടി.പി 4-1885/2014/5.02.15 |
| 2014-15 | എൽ.എഫ്.ടി.പി 4-925/16/16.06.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.4) 1995/16 തീയതി 22.11.16/16.1.17 |
| 2016-17 | നം. കെ.എസ്.എ.ടി.എസ്.ആർ (പി.4)1324/2017 തീയതി: 02.11.17/22.11.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.4)340/2019 തി.27-2-2019 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി.4)1049/2019 തീയതി:08.08.2019 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി.1)968/2022 തീയതി:04.07.2022 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ആളൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്